ക്ലിംഗ്

മി. സ്പീക്കർ: ബഹുമാന്യരായ അംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. റിപ്പോർട്ട് വയ്ക്കേണ്ട അംഗങ്ങൾ ആ സമയത്ത് നിർബന്ധമായും സഭയിൽ ഉണ്ടായിരിക്കണം. എന്തെങ്കിലും അസൗകര്യമുണ്ടെങ്കിൽ ആ റിപ്പോർട്ട് വയ്ക്കാൻ മറ്റ് ആരെയെങ്കിലും ചുമതലപ്പെടുത്തേണ്ടതുമാണ്.

ഇപ്പോൾ റിപ്പോർട്ട് വച്ചത് ഈ കമ്മിറ്റിയിലെ തന്നെ അംഗമായ ശ്രീ. അൻവർ സാദത്താണ്. അതുകൊണ്ട് സമർപ്പിച്ച റിപ്പോർട്ട് ശരിയാണ്.

7. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്നുവരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ : സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ മുപ്പത്തിയേഴ് മുതൽ നാൽപ്പത്തിയൊന്നു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

12.00 AM]

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ശ്രീ. കെ. എം. മാണിയുടെ ഒരുകോടി രൂപയുടെ അഴിമതിയെക്കുറിച്ച് ഞാൻ ഇന്നലെത്തന്നെ സൂചിപ്പിച്ചതാണ്. കൊച്ചുകുട്ടികൾപോലും വിശ്വസിക്കുന്നത് ശ്രീ. കെ. എം. മാണി ഒരുകോടി രൂപയുടെ അഴിമതി നടത്തിയെന്നാണ്...(ബഹളം).....വിജിലൻസിനെ ഉപയോഗിച്ച്.....

മി.സ്പീക്കർ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്....ബിൽ അവതരിപ്പിച്ചതിനു ശേഷം പോരേ?

ശ്രീ. മാത്യു ടി. തോമസ് : അങ്ങ് ഒരിക്കൽ അനുവദിച്ചതല്ലേ ....(ബഹളം)....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : അങ്ങ് അനുവദിച്ചതാണല്ലോ; നിങ്ങളുടെ വിജിലൻസിനെ ഉപയോഗിച്ച് ശ്രീ. കെ. എം. മാണിയെ വിശുദ്ധനാക്കി. അതുപോലെതന്നെ നാറിയ കളികൾ ഇവിടെ വേണ്ട, ഡൽഹിയിൽ പോലും ഇത് പാട്ടാണ്. അതുകൊണ്ടൊന്നും .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ:.....(ബഹളം).....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്.... ബിൽ അവതരിപ്പിച്ചിട്ടില്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ :..... (ബഹളം).....കക്ഷി ചേർന്ന് തെളിവുകൾ നിരത്തി അത് തെളിയിക്കണം. 10 കോടി രൂപ കോഴവാങ്ങിയ ശ്രീ. കെ. ബാബുവിനെ നിങ്ങൾ കുറ്റവിമുക്തനാക്കി.

മി. സ്പീക്കർ: .....(ബഹളം).....ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്... ദയവായി അങ്ങ് ഇരിക്കണം. പ്ലീസ്....പ്ലീസ്.....

ശ്രീ. വി. എസ്. അച്യുതാനന്ദൻ : വിജിലൻസിനെ ഉപയോഗിച്ചാണ് കുറ്റവിമുക്തനാക്കിയത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി..... ബിൽ അവതരിപ്പിച്ചിട്ടല്ലേ സംസാരിക്കേണ്ടത്?.....(ബഹളം).....പ്രതിപക്ഷനേതാവിന് സഭയിൽ പ്രത്യേകമായ പരിഗണനയുണ്ട്. അതുകൊണ്ടാണ് പ്രതിപക്ഷനേതാവ് എഴുന്നേറ്റപ്പോൾ മൈക്ക് കൊടുത്തത്.

(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ അവതരിപ്പിക്കുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സഭയുടെ നടുത്തളത്തിലിറങ്ങി സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളംവച്ചുകൊണ്ടിരുന്നതിനാൽ സ്പീക്കർ കാര്യവിവരപ്പട്ടിക പ്രകാരമുള്ള അടുത്ത ഇനങ്ങളിലേക്ക് കടന്നു)

VII നിയമനിർമ്മാണകാര്യം

2015-ലെ കേരള ധനവിനിയോഗ (2-ാം) നമ്പർ ബില്ലിന്റെ അവതരണവും അനന്തരനടപടികളും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, 2015-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.